"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - മണ്ണ് പര്യവേക്ഷണവും മണ്ണ് സംരക്ഷണവും -ജീവനക്കാര്യം - ശ്രീമതി. അഞ്ജലി കൃഷ്ണ കെ.പി., മണ്ണ് പര്യവേക്ഷണ ഓഫീസർ-പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു

---

**കൃഷി(ഇബി) വകുപ്പ്**

സ.ഉ.(സാധാ) നം.1008/2024/AGRI തീയതി,തിരുവനന്തപുരം, 26-10-2024

---

പരാമർശം:-

1. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറുടെ 30.08.2024-ലെ SSSC/2571/2023-E3 നമ്പർ ഉത്തരവ്.
2. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടറുടെ 05.09.2024 തീയതിയിലെ SSSC/2571/2023-E3 നമ്പർ കത്ത്

**ഉത്തരവ്**

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ മണ്ണ് പര്യവേക്ഷണ ഓഫീസറായി 27.06.2018- ന് ജോലിയിൽ പ്രവേശിച്ച ശ്രീമതി. അഞ്ജലി കൃഷ്ണ കെ.പി. ക്ക് 40 ദിവസം അയോഗ്യ സേവന കാലയളവുള്ളതിനാലും പ്രസ്തുത തസ്തികയിൽ പരിവീക്ഷ കാലയളവിൽ അക്കൗണ്ട് ടെസ്റ്റ് (ലോവർ) പാസ്സാകാൻ കഴിയാത്തതിനാലും ടിയാളുടെ പ്രൊബേഷൻ കാലയളവ് 06.08.2020 മുതൽ 05.08.2021 വരെ പരാമർശം (1) പ്രകാരം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ ഡയറക്ടർ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 29.09.2021 ൽ നടത്തിയ അക്കൗണ്ട് ടെസ്റ്റ് പാസ്സായതിനാൽ ടിയാളുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിലേക്കായി പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള ശിപാർശ പരാമർശം (2) പ്രകാരം വകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിൽ മണ്ണ് പര്യവേക്ഷണ ഓഫീസറായി 27.06.2018- ന് ജോലിയിൽ പ്രവേശിച്ച ശ്രീമതി. അഞ്ജലി കൃഷ്ണ കെ.പി. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 29.09.2021 ൽ നടത്തിയ അക്കൗണ്ട് ടെസ്റ്റ് വിജയിച്ചത് കണക്കിലെടുത്ത് പ്രസ്തുത പരീക്ഷാ തീയതിയായ 29/09/2021 ന്റെ പിറ്റേന്ന് 30.09.2021 പൂർവ്വാഹ്നം പ്രാബല്യത്തിൽ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാൻ നിയമനാധികാരിക്ക് സാധിക്കുമാറ്, ടിയാരിയുടെ പ്രൊബേഷൻ കാലയളവ് 06.08.2021 മുതൽ 01.10.2021 വരെ കെ.എസ്.&എസ്.എസ്.ആർ ,പാർട്ട്-II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ , മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
ശ്രീ. അഞ്ജലി കെ.പി., മണ്ണ് പര്യവേക്ഷണ ഓഫീസർ, (മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ)/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Divia L
Date: 28-10-2024 10:44:18
സെക്ഷൻ ഓഫീസർ